# അർഥമറിയാത്ത ഖുർആൻ ഓത്ത് വീണ്ടും

■ *മുസ്‌ലിംകൾ ഖുർആൻ പഠിച്ച് അതനുസരിച്ച് ജീവിക്കരുത് എന്ന ലക്ഷ്യത്തോടെ തൽപരകക്ഷികൾ പടച്ചുവിട്ട പൊയ്‌വെടിയല്ലേ ഖുർആൻ അർഥം അറിയാതെ ഓതിയാൽ കൂലി ലഭിക്കുമെന്നത്? ഡോക്ടർ എഴുതിക്കൊടുത്ത മരുന്നിന്റെ ശീട്ടു പ്രകാരം മരുന്ന് വാങ്ങി കഴിക്കാതെ ശീട്ട് ഈണത്തിൽ പാരായണം ചെയ്താൽ രോഗം മാറുമോ?*

**എസ്.കെ പരുത്തിക്കോട്**

**ഇ**ക്കാര്യത്തിൽ *മുജീബി*ന്റെ സുചിന്തിതമായ അഭിപ്രായം വാരിക(2008 ഏപ്രിൽ 19)യിൽ വ്യക്തമാക്കിയിരുന്നതാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, അതിനോട് പ്രതികരിച്ച (*പ്രബോധനം* 2008 മെയ് 10) രണ്ട് സുഹൃത്തുക്കളും കഥ അറിയാതെ ആടുകയായിരുന്നു. കർമശാസ്ത്ര വിഷയങ്ങൾ കൈയാളുന്നതല്ല ചോദ്യോത്തര പംക്തി എന്ന് അതിന്റെ തുടക്കം മുതൽ ആവർത്തിച്ചുവ്യക്തമാക്കിയിരുന്നതാണ്. ഏതെങ്കിലും പ്രശ്നത്തിന്റെ മതവിധി ഈ പംക്തിയുടെ പരിധിയിൽ വരുന്നതല്ല. ഖുർആൻ പാരായണത്തിന്റെ പ്രതിഫലകാര്യവും അതിനാൽ *മുജീബി*ന്റെ ചർച്ചാ വിഷയമായിരുന്നില്ല. അണുത്തൂക്കം നന്മ ആരു ചെയ്താലും പ്രതിഫലം നൽകുന്ന അല്ലാഹു അവന്റെ അടിമകൾ അർഥമറിഞ്ഞോ അറിയാതെയോ എങ്ങനെ ഖുർആൻ ഓതിയാലും പ്രതിഫലം നൽകുമായിരിക്കും. അതിന്റെ സാധ്യത ചോദ്യം ചെയ്തിട്ടില്ല, ചെയ്യേണ്ട കാര്യവുമില്ല.

വിഷയം തീർത്തും മറ്റൊന്നാണ്. സമസ്ത ലോകത്തിനും അന്ത്യനാൾ വരെ മാർഗദർശനവും കാരുണ്യവുമായി ജഗന്നിയന്താവ് നൽകിയ വിശുദ്ധ ഖുർആൻ അർഥമോ ആശയമോ അറിയാതെ ഓതാൻ മാത്രമുള്ള ഗ്രന്ഥം എന്ന 'അതുല്യമായ ബഹുമതി' എങ്ങനെ തലമുറകളിലൂടെ കൈമാറിവന്നു? നിശ്ചയമായും അത് അല്ലാഹുവോ പ്രവാചകരോ സ്വഹാബിമാരോ പഠിപ്പിച്ചതല്ല. ഖുർആനിലോ സുന്നത്തിലോ സ്വഹാബിമാരുടെ മൊഴികളിലോ അങ്ങനെ ഒരു സൂചനയും ഇല്ല. ഖുർആൻ പാരായണത്തിന്റെ പുണ്യത്തെക്കുറിച്ച് പരാമർശിക്കുന്ന ഒരു പ്രമാണത്തിലും അർഥമറിയാത്ത ഓത്തിനെക്കുറിച്ച വിദൂര സൂചനപോലും ഇല്ല. സൂറ *അൽബഖറ* പാരായണം ചെയ്യുന്ന വീട്ടിൽനിന്ന് ചെകുത്താൻ ഓടിയകലും എന്ന് റസൂൽ പറഞ്ഞപ്പോഴും അർഥമറിയാത്ത ഓത്ത് തിരുമേനിയുടെ സ്മൃതിപഥത്തിലെങ്കിലും വന്നിരിക്കാൻ ഒരു സാധ്യതയുമില്ല. മറിച്ച്, ആശയമറിയാതെ ഈണത്തിൽ ഖുർആൻ ഓതുമ്പോൾ മനസ്സിൽ മറ്റെന്തൊക്കെയോ ഓർമിപ്പിക്കാൻ ഇബ്‌ലീസ് ശ്രമിക്കുകയാണ് ചെയ്യുക. നബി(സ) പരലോക പ്രാപ്തനാവുമ്പോൾ അറേബ്യൻ അർധ ദ്വീപിൽ മാത്രമേ ഇസ്‌ലാം പ്രചരിച്ചിരുന്നുള്ളൂ. തിരുമേനിക്ക് ശേഷം ശിഷ്യന്മാർ പ്രബോധന ദൗത്യവുമായി ചേക്കേറിയ ദിക്കുകളിലൊക്കെയും ഇസ്‌ലാമിനോടൊപ്പം ഖുർആനും അറബിഭാഷയും സ്വാധീനം നേടി. അന്ന് അനറബി പ്രദേശമായിരുന്ന ഉത്തരാഫ്രിക്ക പിന്നീട് മുസ്‌ലിം രാജ്യവും ഒപ്പം അറബി രാജ്യവും ആയി മാറി. ഖുറാസാനും ബുഖാറയും സമർഖന്ദും അടങ്ങുന്ന മധ്യേഷ്യയടക്കം അറബിഭാഷയുടെ വലയത്തിൽ വന്നു. അനറബി പശ്ചാത്തലമുള്ള അബൂഹനീഫയും ബുഖാരിയും മുസ്‌ലിമും തിർമിദിയും മറ്റനേകം ശ്രേഷ്ഠ പണ്ഡിതന്മാരും അതിന്റെ സാക്ഷികളാണ്. അതുകൊണ്ടുതന്നെ ഖുർആൻ അർഥമറിയാതെ ഓതുന്ന പ്രശ്നമേ ഉദിച്ചില്ല. പിൽക്കാലത്ത് പേർഷ്യക്കാരും അഫ്ഗാനികളും മുഗളരുമൊക്കെയായ ജേതാക്കളോ സ്വൂഫികളോ മുഖേന ഇസ്‌ലാം പ്രചരിച്ച ഇന്ത്യയടക്കമുള്ള നാടുകളിലാണ് അറബി വേണ്ടവിധം പ്രചരിക്കാതെ പോയതും അർഥമറിയാതെ ഖുർആൻ പഠിക്കുന്ന സമ്പ്രദായം ഉടലെടുത്തതും. ഇതൊരു ശാശ്വത യാഥാർഥ്യമായി അംഗീകരിച്ചു തൃപ്തിയടയാതെ, ഖുർആനിലേക്കും അതിന്റെ ഭാഷയായ അറബിയിലേക്കും തലമുറകളെ തിരിച്ചുകൊണ്ടു പോകാൻ ബാധ്യസ്ഥരായ ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാന പ്രവർത്തകർ പോലും അർഥമറിയാതെ ഖുർആൻ ഓതുന്നതിന്റെ മഹത്ത്വം തെരയാൻ പോയാൽ കഷ്ടം എന്നല്ലാതെ എന്തു പറയാൻ? ഖുർആന്റെ ആശയങ്ങൾ എന്തെന്നറിയാത്ത തലമുറകൾ നിലവിലുണ്ടെന്നത് ശരിയാണ്. അവരുടെ ഭക്തിയെയോ ഉദ്ദേശ്യശുദ്ധിയെയോ ആരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ, ശരാശരി അറുപത് വയസ്സ് വരെയെങ്കിലും ജീവിക്കുന്ന ഒരു മുസ്‌ലിം പ്രായപൂർത്തിയായ ശേഷം ദിവസേന ഫർദ് നമസ്കാരത്തിന്റെ 17 റക്അത്തുകൾ മാത്രമേ നിർവഹിക്കുന്നുള്ളൂ എന്ന് കരുതുക. എന്നാൽ പോലും രണ്ടേ മുക്കാൽ ലക്ഷം തവണയെങ്കിലും അയാൾ പാരായണം ചെയ്തിരിക്കേണ്ട *അൽ ഫാത്തിഹ*യുടെ അർഥം പഠിക്കാനായില്ലെന്ന് പറഞ്ഞാൽ സംഭവത്തിൽ എന്തോ കാര്യമായ തകരാറില്ലേ എന്ന് കത്തുകളിലൂടെ പ്രതികരിച്ച പണ്ഡിത സുഹൃത്തുക്കൾ ഇരുന്നാലോചിക്കണം... ഒന്നുകിൽ അത്രയും കടുകട്ടിയാണ് ഖുർആൻ സൂക്തങ്ങൾ എന്ന് വരണം, എങ്കിൽ 'യസ്സർനൽ ഖുർആന'യുടെ അർഥം? അല്ലെങ്കിൽ ഉദാഹരണമില്ലാത്തവിധം മന്ദബുദ്ധികളാണ് മുസ്‌ലിം ജനസമാന്യം എന്ന് സമ്മതിക്കണം. രണ്ടും യുക്തിസഹമല്ലെന്ന് തീർച്ച. അതിനാൽ പിശക് പഠനസമ്പ്രദായത്തിന്റേതുതന്നെ. നമസ്കാരത്തിൽ സാധാരണ പാരായണം ചെയ്യപ്പെടുന്ന സൂറകളുടെയെങ്കിലും ആശയം മനസ്സിലാക്കാനുതകുന്നതാവണം സാമാന്യ മതപഠനം. മുതിർന്നവർ പഠനകേന്ദ്രങ്ങളിലൂടെയോ പരിഭാഷകളിലൂടെയോ ഖുർആൻ സാമാന്യമായി ഗ്രഹിക്കാൻ സമയം കാണുകയും വേണം. ആദ്യന്തം ആഴത്തിലുള്ള പഠനം വേണമെന്ന് ആരും പറഞ്ഞില്ല. അർഥ നിരപേക്ഷമായ ഓത്തിന്റെ കൂലി മഹത്ത്വവത്കരിച്ച് സമുദായത്തെ മന്ദബുദ്ധികളാക്കരുത് എന്നേയുള്ളൂ അപേക്ഷ.

വിചാരണനാളിൽ ഖുർആന്റെ എതിർസാക്ഷ്യം ഏറ്റുവാങ്ങാൻ വഴിയൊരുക്കരുത്.

## പള്ളി പിടിച്ചെടുക്കുന്നു?

■ *"പള്ളി പണിയുകയല്ല ജമാഅത്തെ ഇസ്‌ലാമി ചെയ്യുന്നത്. പണിത പള്ളി പിടിച്ചെടുക്കുകയാണ്. ജമാഅത്തുകാരാണ് പള്ളിപണിതത് എന്നറിഞ്ഞാൽ മുസ്‌ലിം സമുദായത്തിൽനിന്ന് സഹായം ലഭിക്കില്ല. ഇവരെ വളരെ ആശങ്കയോടെയാണ് സമുദായം കാണുന്നത്"........*

*"ജമാഅത്തെ ഇസ്‌ലാമിയുടെ ആത്യന്തികമായ ലക്ഷ്യം എന്താണ്?*

*എന്തൊക്കെയോ ഗൂഢലക്ഷ്യങ്ങൾ അവർക്കുണ്ട്. അത് പത്രപ്രവർത്തകരായ നിങ്ങൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യണം"..........*

*'ജമാഅത്തെ ഇസ്‌ലാമി പള്ളികൾ പിടിച്ചെടുക്കുന്നു' എന്ന ശീർഷകത്തിൽ* കേരള ശബ്ദം *വാരിക (11.5.2008) പ്രസിദ്ധീകരിച്ച അഭിമുഖത്തിൽനിന്ന് എടുത്തതാണ് മുകളിലുദ്ധരിച്ച വാചകങ്ങൾ. ഐ.ആർ.ഡബ്ലിയു, സോളിഡാരിറ്റി എന്നീ പ്രസ്ഥാനങ്ങളുടെ പ്രവർത്തകരെ ഗുണ്ടകൾ എന്നും മുഖാമുഖം നൽകിയയാൾ വിശേഷിപ്പിച്ചിട്ടുണ്ട്. മുജീബിന്റെ പ്രതികരണം?*

***ടി. മൊയ്തു മാസ്റ്റർ***
***പെരിമ്പലം***

**ആ**വശ്യവും സാധ്യതയും അനുസരിച്ച് ജമാഅത്തെ ഇസ്‌ലാമി പള്ളികൾ പണിയാറുണ്ട്. അങ്ങനെ നിർമിച്ച 400-ൽ പരം പള്ളികൾ കേരള മസ്ജിദ് കൗൺസിലിന്റെ കീഴിൽ സംസ്ഥാനത്തെ പല പ്രദേശങ്ങളിലായി പ്രവർത്തിക്കുന്നുമുണ്ട്. മറ്റുള്ളവരെ പോലെ ജമാഅത്ത് പ്രവർത്തകരും വിശ്വാസികളുടെ സഹകരണവും സഹായവും കൊണ്ടാണ് പള്ളികൾ നിർമിക്കാറ്. പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഒരിടത്തും ഒരു പള്ളിയും ബലം പ്രയോഗിച്ചോ അല്ലാതെയോ പിടിച്ചെടുത്തിട്ടില്ല. സ്വാഭാവിക രീതിയിൽ ജമാഅത്ത് പ്രവർത്തകരുടെ നിയന്ത്രണത്തിൽ വരുന്ന പള്ളികളിൽ ചിലത് കുഴപ്പമുണ്ടാക്കിയോ നിയമനടപടികളിലൂടെയോ പിടിച്ചെടുക്കാൻ ചിലർ ശ്രമിച്ച സംഭവങ്ങളുണ്ട്. നിയമപരമായി അവ വീണ്ടെടുക്കാൻ ജമാഅത്ത് പ്രവർത്തകർ ശ്രമിക്കുന്നു. വിജയിച്ചാൽ അവരതിന്റെ ഭരണം എറ്റെടുക്കും, അല്ലെങ്കിൽ ഒഴിയും. എറണാകുളം മദീനാ പള്ളിയുടെ കാര്യത്തിലും മറ്റൊന്നും സംഭവിച്ചിട്ടില്ല. പിണങ്ങിയാൽ വായിൽ തോന്നുന്നത് വിളിച്ചു പറയുക വിശ്വാസികളുടെ സ്വഭാവമായല്ല മഹാനായ പ്രവാചകൻ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. പള്ളികൾ ആരുടെ സഹായത്തോടെ സ്ഥാപിച്ചാലും അല്ലാഹുവിന്റേതാണ്. അവയുടെ ഭരണം നടത്തേണ്ടത് അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്നവരാണെന്ന് ഖുർആൻ പറയുന്നു. തൻപ്രമാണിത്തം കാട്ടുന്നവരുടെ ചൊൽപടിയിൽ നിൽക്കാത്തവരൊക്കെ ഗുണ്ടകളാണെങ്കിലേ സോളിഡാരിറ്റി, ഐ.ആർ.ഡബ്ല്യൂ പ്രവർത്തകർ ആ പട്ടികയിൽ വരൂ.

## അഹ്‌ലെ ഹദീസ്, സലഫി, മുജാഹിദ്...?

■ *"ഞങ്ങൾ മുജാഹിദുകൾ ലോകത്തിന്റെ എല്ലാ ഭാഗത്തും ഒരേ ആദർശ പ്രചാരണത്തിനായി പ്രവർത്തിക്കുന്നു. വ്യത്യസ്ത പേരുകളിലാണെന്ന് മാത്രം...... അഖിലേന്ത്യാ അടിസ്ഥാനത്തിൽ അഹ്‌ലേ ഹദീസെന്നും അറബ് നാടുകളിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും സലഫി പ്രസ്ഥാനമെന്നും അറിയപ്പെടുന്നു........... ഖുർആനിൽ ദൈവമാർഗത്തിൽ സമരം ചെയ്യുന്നവർക്കുള്ള വിശേഷണമാണ് മുജാഹിദുകൾ. അതുകൊണ്ടാണ് കേരളത്തിൽ ആ പേര് സ്വീകരിക്കാൻ കാരണം......... മുസ്‌ലിം സമുദായത്തിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സന്ധിയില്ലാ സമരം നടത്തുന്നതുകൊണ്ട് ഇസ്‌ലാഹീ പ്രസ്ഥാനമെന്നും അറിയപ്പെടുന്നു........ ജമാഅത്തെ ഇസ്‌ലാമിയെ പോലെ ഹുകൂമത്തെ ഇലാഹി പ്രചരിപ്പിച്ച് നേട്ടമില്ലാ എന്ന് കണ്ടപ്പോൾ ഇഖാമത്തുദ്ദീനുമായി രംഗപ്രവേശം ചെയ്തു. അതും ജനങ്ങളിൽ ഏശുന്നില്ലാ എന്ന് കണ്ടപ്പോഴാണ് ഇസ്‌ലാമിനന്യമായ മതരാഷ്ട്രവുമായി നടക്കുന്നത്. അതും പരാജയപ്പെടുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയൊരു ഇംഗ്ലീഷ് പേര് സ്വീകരിച്ച് കേരളത്തിൽ ഡി.വൈ.എഫ്.ഐ സമര മോഡലിന് തുടക്കം കുറിച്ചിരിക്കുന്നത്"*

മുജീബ് *ഒരു വിശദീകരണം തരുമോ?*

***റശീദ് വെളിയങ്കോട്***
***അബൂദബി***

**ലോ**കത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സലഫീ ചിന്താഗതിക്കാരുടെ ആദർശം ഒന്നുതന്നെയാവാം. ചോദ്യത്തിൽ പരാമർശിച്ച പേരുകളിലൊക്കെ അവർ അറിയപ്പെടുന്നുമുണ്ടാവാം. എന്നാൽ വഹാബികൾ എന്ന പേരാണ് മീഡിയ അവർക്ക് ചാർത്തിക്കൊടുത്തിരിക്കുന്നത്. തന്നെയല്ല, ലശ്കറെ ത്വയ്യിബ, ജയ്ശെ മുഹമ്മദ് തുടങ്ങിയ തീവ്രവാദി സംഘടനകളുടെ പിതൃത്വവും മീഡിയയുടെ കണ്ണിൽ വഹാബി പ്രസ്ഥാനത്തിനാണ്.

അതെന്തായാലും വിവിധ രാജ്യങ്ങളിലെ സലഫീ സംഘടനകളുടെ നയങ്ങളും പ്രവർത്തനശൈലിയും ഒരുപോലെയല്ലെന്ന് വ്യക്തമാണ്. പാകിസ്താനിൽ ജംഇയ്യത്തു അഹ്‌ലെ ഹദീസ് സജീവ രാഷ്ട്രീയം കൈയാളുന്നു; ജമാഅത്തെ ഇസ്‌ലാമി അടങ്ങുന്ന എം.എം.എയുടെ ഘടകവുമാണ്. കേരളത്തിലെ മുജാഹിദുകൾ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ പേരിൽ വെച്ചു കെട്ടുന്ന മതരാഷ്ട്രവാദം അദ്ദേഹം ജീവിച്ചിരുന്ന പാകിസ്താനിലെ അഹ്‌ലെ ഹദീസിന് ഇഷ്യൂ അല്ല. ഈജിപ്തിലെ സലഫീ സംഘടനയായ അൻസാറുസ്സുന്ന അൽമുഹമ്മദിയ്യക്കുമില്ല ഇസ്‌ലാമിനെ രാഷ്ട്രീയത്തിൽനിന്ന് മാറ്റിനിർത്തണമെന്ന അഭിപ്രായം. സുഊദി സലഫികളാകട്ടെ മതത്തിന്റെ പേരിൽ രാജ്യം ഭരിക്കുക തന്നെ ചെയ്യുന്നു. ഉത്തരേന്ത്യയിലെ അഹ്‌ലെ ഹദീസ് ജമാഅത്തെ ഇസ്‌ലാമിയോടൊപ്പം മുസ്‌ലിം മജ്‌ലിസെ മുശാവറ, പേഴ്സണൽ ലോ ബോർഡ് പോലുള്ള വേദികൾ പങ്കിടുന്നു. ഇഖാമത്തുദ്ദീനിനെയോ ഹുകൂമത്തെ ഇലാഹിയ്യയെയോ കുറിച്ച പരാതികളൊന്നും അവർക്ക് സഹകരണത്തിന് തടസ്സമായിട്ടില്ല. കേരളത്തിലെ മുജാഹിദുകൾ പക്ഷേ മിക്കവരും സജീവ രാഷ്ട്രീയക്കാരായിരിക്കെ ഇസ്‌ലാമിനെ അരാഷ്ട്രീയവത്കരിക്കാൻ പാടുപെടുന്നവരാണ്. അതിനാൽ അവർക്ക് ജമാഅത്തെ ഇസ്‌ലാമിയെ അടിസ്ഥാനരഹിതമായി വിമർശിക്കേണ്ടിവരുന്നു. അതേസമയം, ജമാഅത്തിനെയും സോളിഡാരിറ്റിയെയും പോലെ, സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടാതിരിക്കാനും അവർക്കാവുന്നില്ല. അവരുടെ പത്രപ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളും പ്രമേയങ്ങളും ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാവും. ഈ വൈരുധ്യത്തിൽനിന്ന് ജനശ്രദ്ധ തിരിക്കാനാണ് ജമാഅത്തിനെതിരെ 'ഹുകൂമത്തെ ഇലാഹി'-മതരാഷ്ട്രവാദം- ചർവിത ചർവണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക പ്രസ്ഥാനം തുടക്കം മുതൽ ഇന്നേവരെ പ്രബോധനം

ചെയ്യുന്നതും സ്ഥാപിക്കാൻ ശ്രമിക്കുന്നതും സമ്പൂർണ ഇസ്‌ലാമിനെ ത്തന്നെയാണ്, അതിന് എന്തു പേരിട്ടാലും ശരി. ഈ യത്നത്തിൽ അതിന് ബഹുദൂരം മുന്നോട്ടുപോവാൻ സാധിച്ചിട്ടുണ്ടെന്നതിന് പ്രകട മായ തെളിവുകളാണല്ലോ ചാണിന് ചാണായും മുഴത്തിന് മുഴമായും മതസംഘടനകൾ അതിനെ അനുകരിക്കാൻ ശ്രമിക്കുന്നതും ഒപ്പം ആക്രമണത്തിന്റെ മുന അതിന്റെ നേരെ അനുസ്യൂതം തിരിച്ചുവെക്കു ന്നതും. അല്ലെങ്കിൽ 'പരാജയപ്പെട്ട' ഒരു പ്രസ്ഥാനത്തെ നിരന്തരം വേട്ട യാടുന്നതെന്തിന്? ■

## തിരുത്ത്

ചോദ്യോത്തര പംക്തി(*പ്രബോധനം* 2008 മെയ് 17)യിലെ 'ഇടതു പക്ഷത്തിന് പിഴച്ചത്' എന്ന തലക്കെട്ടിൽ വന്ന ഉത്തരത്തിൽ ഒരു പിശ കുണ്ട്. 'കഴിഞ്ഞ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് വേള യിലെങ്കിലും പോരാട്ടത്തിന് സാമ്രാജ്യത്വ-മുതലാളിത്ത മുഖം നൽകാൻ' എന്ന് അച്ചടിച്ചത് 'മുതലാളിത്ത വിരുദ്ധ മുഖം നൽകാൻ' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**എഡിറ്റർ**